# COVID-19

വസ്തുത

myGOV मेरी सरकार

## കെട്ടുകഥ

ഒരു "പ്രായമായ ചൈനീസ് ഡോക്ടർ" കൊറോണ വൈറസിന്റെ ചികിത്സ കണ്ടെത്തി - ഒരു പാത്രം വെളുത്തുള്ളി

## വസ്തുത

വെളുത്തുള്ളി കൊറോണ വൈറസിനെ അകറ്റുമെന്നുള്ളതിന് യാതൊരു ശാസ്ത്രീയമായ തെളിവും ഇല്ല



# COVID-19
## വസ്തുത

**കെട്ടുകഥ**

ശ്വാസം **10**
സെക്കന്ഡിലേറെ
അസ്വസ്ഥത കൂടാതെ
പിടിച്ചു വെക്കാൻ
കഴിയുമെങ്കിൽ താങ്കളെ
കൊറോണ വൈറസ്
ബാധിച്ചിട്ടില്ല

**വസ്തുത**

ശ്വാസം **10**
സെക്കന്ഡിലേറെ
അസ്വസ്ഥത കൂടാതെ
പിടിച്ചു വച്ച് കൊറോണ
വൈറസ് ബാധ
പരിശോധിക്കാൻ
കഴിയില്ല



# COVID-19
## വസ്തുത

my GOV मेरी सरकार

### കെട്ടുകഥ

വിറ്റാമിൻ 'സി' യുടെ
അമിതമായ ഉപഭോഗം
കൊറോണ വൈറസ്
അണുബാധയിൽ
നിന്നും മുക്തി നൽകും

### വസ്തുത

പതിവായുള്ള
വിറ്റാമിൻ 'സി'യുടെ
ഉപഭോഗം
പ്രതിരോധശേഷി
കൂട്ടും.
എന്നിരുന്നാലും,
അമിതമായ
ഉപഭോഗം ശുപാർശ
ചെയ്യപ്പെടുന്നില്ല.



# COVID-19
## വസ്തുത

### കെട്ടുകഥ

വൈറസ് കുറച്ച് മണിക്കൂറുകൾ മാത്രമേ നിലനിൽക്കുന്നുള്ളൂ

### വസ്തുത

പഠനങ്ങൾ നിർദേശിക്കുന്നത് പ്രകാരം കൊറോണ വൈറസ് ഉപരിതലങ്ങളിൽ കുറച്ച് മണിക്കൂറുകളോ ദിവസങ്ങളോ നിലനിൽക്കാം. ഇതിനു പല വ്യവസ്ഥകളിൽ വ്യത്യാസം ഉണ്ടാകാം (ഉദാഹരണത്തിന് ഉപരിതല തരം, താപനില, പരിസ്ഥിതിയുടെ ഈർപ്പം)



Source: World Health Organization


COVID-19
വസ്തുത
myGOV
मेरी सरकार
കെട്ടുകഥ
സോഷ്യൽ മീഡിയയിലെ വൈറൽ പോസ്റ്റ് പ്രകാരം പാവയ്ക്കാ ജ്യൂസ് കൊറോണ വൈറസിനെ ചികിത്സിക്കും
വസ്തുത
പാവയ്ക്കാ ജ്യൂസ് കൊറോണ വൈറസിനെ ചികിത്സിക്കും എന്നത് വാസ്തവമല്ല

# COVID-19

## വസ്തുത

### കെട്ടുകഥ

എന്റെ വളർത്തുമൃഗത്തിൽ
നിന്ന് എനിക്ക് കോവിഡ്-19
പകരാൻ സാധ്യത ഉണ്ട്

### വസ്തുത

ഹോങ്കോങ്ങിൽ നായയെ
ബാധിച്ചതായി ഒരു
സംഭവമുണ്ടെങ്കിലും,
നായയ്ക്കോ പൂച്ചയ്ക്കോ
ഏതെങ്കിലും
വളർത്തുമൃഗത്തിനോ
കോവിഡ് 19 പകർത്താൻ
കഴിയുമെന്നതിന്
തെളിവുകളൊന്നുമില്ല



Source: World Health Organization

# COVID-19

## വസ്തുത

### കെട്ടുകഥ

ഈർപ്പമുള്ള
തൊണ്ടയ്ക്ക്
കൊറോണ
അണുബാധയിൽ നിന്ന്
സംരക്ഷണം
ഉറപ്പാക്കാൻ കഴിയും

### വസ്തുത

ഈർപ്പമുള്ള തൊണ്ടയ്ക്ക്
കൊറോണ
അണുബാധയിൽ നിന്ന്
സംരക്ഷണം ഉറപ്പാക്കാൻ
കഴിയുമെന്നുള്ളതിന് ഒരു
തെളിവും ഇല്ല



# COVID-19

## വസ്തുത

### കെട്ടുകഥ

ഇൻക്യുബേഷൻ
കാലാവധി **5** ദിവസം
വരെയാണ്



### വസ്തുത

"ഇൻക്യുബേഷൻ പിരീഡ്"
എന്നാൽ വൈറസ്
പിടിപെടുന്നതിനും
രോഗലക്ഷണങ്ങൾ
കണ്ടുതുടങ്ങുന്നതിനും
ഇടയിലുള്ള സമയം എന്നാണ്
അർത്ഥമാക്കുന്നത്.
കോവിഡ്-19'നായുള്ള
ഇൻക്യുബേഷൻ കാലാവധി
കണക്കുകൾ പ്രകാരം **1-14**
ദിവസം വരെയാണ്

# COVID-19

## വസ്തുത

### കെട്ടുകഥ

നോവൽ കൊറോണ
വൈറസിനെ തടയുന്നതിനും
ചികിത്സിക്കുന്നതിനും
ആന്റിബയോട്ടിക്കുകൾ
ഫലപ്രദമാണ്



### വസ്തുത

ഇല്ല,
ആന്റിബയോട്ടിക്കുകൾ
വൈറസുകൾക്കെതിരെ
പ്രവർത്തിക്കുന്നില്ല,
ബാക്ടീരിയകൾക്കെതിരെ
മാത്രമാണ് അവ ഫലപ്രദം.
എന്നിരുന്നാലും, നോവൽ
കൊറോണ
വൈറസിന്റെ
ചികിത്സക്കായി നിങ്ങൾ
ആശുപത്രിയിലാണെങ്കിൽ,
ബാക്ടീരിയ അണുബാധയ്ക്ക്
സാധ്യത ഉള്ളതിനാൽ
നിങ്ങൾക്ക്
ആന്റിബയോട്ടിക്കുകൾ
ലഭിച്ചേക്കാം

# COVID-19

## വസ്തുത

### കെട്ടുകഥ

നോവൽ കൊറോണ വൈറസ് ബാധിക്കുന്നത് പ്രായമായവരെയാണ്, ചെറുപ്പക്കാരെയല്ല



### വസ്തുത

എല്ലാ പ്രായത്തിലുമുള്ള ആളുകളെ നോവൽ കൊറോണ വൈറസ് ബാധിക്കാം. പ്രായമായ ആളുകൾ, ഗുരുതരമായ രോഗങ്ങളുള്ള ആളുകൾ (ആസ്ത്മ, പ്രമേഹം, ഹൃദ്രോഗം പോലുള്ളവ) കൂടുതൽ അപകടസാധ്യതയുള്ളവരായി കാണപ്പെടുന്നു

Source: World Health Organization